**2018 മാർച്ച് THSLC പരീക്ഷ : പ്രൊവിഷണൽ A ലിസ്റ്റ് പ്രസിദ്ധീകരണം, A ലിസ്റ്റിൻറെ സൂക്ഷ്മപരിശോധന - നിർദ്ദേശങ്ങൾ**

2018 മാർച്ച് THSLC പരീക്ഷയ്ക്കായി സ്കൂളുകളിൽ നിന്നും രജിസ്റ്റർ ചെയ്യുകയും e-submission പൂർത്തീകരിക്കുകയും ചെയ്ത വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള പ്രൊവിഷണൽ A ലിസ്റ്റ് SUPDNT/PRINCIPAL ലോഗിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൻറെ സൂക്ഷ്മപരിശോധന 2018 ജനുവരി 25 ന് വൈകിട്ട് 5 മണിക്കുമുൻപ് പൂർത്തീകരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. **പ്രൊവിഷണൽ ലിസ്റ്റിൽ തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ആയത് SUPDNT/PRINCIPAL ലോഗിനിലുള്ള Candidate Update എന്ന മെനുവിലൂടെ അഡ്മിഷൻ നമ്പർ നൽകി വിദ്യാർത്ഥി വിവരങ്ങളിൽ തിരുത്തലുകൾ വരുത്തേണ്ടതാണ്.**

ARC, CCC വിഭാഗത്തിലോ ഉള്ള വിദ്യാർത്ഥികളെയോ , സർക്കാരിൻറെ പ്രത്യേക ഉത്തരവിലൂടെ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ അനുമതികിട്ടിയ വിദ്യാർത്ഥികളെയോ രജിസ്റ്റർ ചെയ്യാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം (വിദ്യാർത്ഥിവിവരം ; വിദ്യാർത്ഥിയെ ഉൾപ്പെടുത്തേണ്ട ഡിവിഷൻ; ഉത്തരവിൻറെ പകർപ്പുകൾ സഹിതം) അപേക്ഷ സ്കൂൾ ലെറ്റർ ഹെഡിൽ തയ്യാറാക്കി ഒപ്പു വെച്ച് സ്കൂൾ സീലും പതിപ്പിച്ച് thslchelpdesk@gmail.com എന്ന e-mail വിലാസത്തിലേക്ക് 2018 ജനുവരി 25 ന് വൈകിട്ട് 5 മണിക്കു മുൻപ് അയക്കേണ്ടതാണ്.

**2018 ജനുവരി 25 ന് വൈകിട്ട് 5 മണിക്കുശേഷം യാതൊരു കാരണവശാലും വിദ്യാർത്ഥിവിവരങ്ങളിൽ തിരുത്തലുകൾ അനുവദിക്കുന്നതല്ല.**